# നാളികേര ഗവേഷണം ശതാബ്ദിയിലേക്ക്

കായംകുളം: നാളികേര ഗവേഷണം ശതാബ്ദി വർഷത്തിലേക്ക്. ശതാബ്ദി വർഷത്തിൽ ഒരുവർഷം നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾ നടത്തുമെന്നു സിപിസിആർഐ ഡയറക്ടർ ചൗദപ്പ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 1916ൽ ആരംഭിച്ച നാളികേര ഗവേഷണകേന്ദ്രം 1970ലാണു ഭാരതീയ ഗവേഷണ കൗൺസിലിന്റെ കീഴിൽ തോട്ടവിള ഗവേഷണ കേന്ദ്രമായി പ്രവർത്തനം തുടങ്ങിയത്.

തെങ്ങ്, കമുക്, കൊക്കോ എന്നീ വിളകളുടെ ഗവേഷണമാണിവിടെ നടക്കുന്നത്. കാസർകോഡ് കേന്ദ്രമായ ഗവേഷണ കേന്ദ്രത്തിന്റെ കീഴിലാണു കായംകുളം, കർണാടകയിലെ വിറ്റൽ എന്നീ രണ്ടു പ്രാദേശിക കേന്ദ്രങ്ങളും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി നാലു ഗവേഷണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നത്. കർഷകർക്കു പ്രയോജനം ലഭിക്കുന്ന ഗവേഷണങ്ങളാണിവിടങ്ങളിൽ നടത്തുന്നത്. തെങ്ങിൻ തൈകളുടെ ലഭ്യതക്കുറവ് പരിഹരിച്ചു കൂടുതൽ തൈകൾ കർഷകർക്കു ലഭിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുകയാണെന്നും ഡയറക്ടർ പറഞ്ഞു. ഇപ്പോൾ നാളികേരത്തിന്റെ 19 ഇനങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.